LIBRARY ARCHIVES Kerala Legislative Assembly

സെന്റർ പോലീസ് ക്യാന്റീനിൽ ഈടാക്കുന്ന വാറ്റ് നികുതി ഒഴിവാക്കാൻ നടപടി

194(1451) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിരോധസേനാ വിഭാഗങ്ങളിലെ വിമുക്തഭടൻന്മാർക്കുവേണ്ടിയുള്ള സി.എസ്.ടി ക്യാന്റീന് സമാനമായ പാരാ മിലിട്ടറി വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി സെന്റർ പോലീസ് ക്യാന്റീൻ മുഖാന്തിരം ക്രയവിക്രയം ചെയ്യപ്പെടുന്ന സാധനങ്ങളുടെ മൂല്യവർദ്ധിത നികുതി ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ സെന്റർ പോലീസ് ക്യാന്റീന് മൂല്യവർദ്ധിത നികുതിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തും ഇത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള മൂല്യവർദ്ധിത നികുതി നിയമത്തിന്റെ 6(1)ാം വകുപ്പിന്റെ 5-ാം പ്രൊവിസോ പ്രകാരം മിലിട്ടറി, നേവൽ, എയർഫോഴ്സ് അല്ലെങ്കിൽ എൻ.സി.സി ക്യാന്റീനുകൾ, ഇന്ത്യൻ നേവൽ ക്യാന്റീൻ സർവ്വീസ്, ക്യാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റ് വഴി വിൽക്കുന്ന സാധനങ്ങൾക്കുമാത്രമേ പകുതി നികുതി നിരക്കെന്ന ആനുകൂല്യം ബാധകമാക്കിയിട്ടുള്ളൂ.ഈ മേഖലയിലും ഫീൽഡ്ല നികുതി ഒഴിവൊന്നും നൽകിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

വാറ്റ് നികുതി ഒഴിവാക്കുന്നതിന് നടപടി

195(1452) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരാമിലിട്ടറി വിമുക്തഭടൻമാരുടെ ക്ഷേമത്തിനായി ആർമിയുടെ സിഎസ്.ടി. ക്യാന്റീന് സമാനമായ സെന്റർ പോലീസ് ക്യാന്റീൻ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്യാന്റീനിലേക്ക് വാങ്ങുന്ന സാധനങ്ങൾക്ക് സംസ്ഥാന സർക്കാർ മൂല്യവർദ്ധിത നികുതി (വാറ്റ്) ഒഴിവാക്കാനായി കഴിഞ്ഞ

മൂന്നു വർഷക്കാലത്തിനിടയിൽ ആഭ്യന്തരവകുപ്പ് സെക്രട്ടറിയും, വെൽഫെയർ ബോർഡ് ചെയർമാനും, എ.ഐ.സി.പി.എം.എഫ്. എക്സ് സർവ്വീസ്മെൻ വെൽഫെയർ അസോസിയേഷനും നൽകിയ കത്തുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ക്യാന്റീനുകൂടി വാറ്റ് ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ വാറ്റ് ഒഴിവാക്കുന്നതിനായി നടപടിയൊന്നും സ്വീകരിച്ചിട്ടില്ല കേരള മൂല്യവർദ്ധിത നികുതി നിയമത്തിന്റെ 6(1)ാം വകുപ്പിന്റെ 5-ാം പ്രൊവിസോ പ്രകാരം മിലിട്ടറി, നേവൽ, എയർഫോഴ്സ് അല്ലെങ്കിൽ എൻ.സി.സി ക്യാന്റീനുകൾ, ഇന്ത്യൻ നേവൽ ക്യാന്റീൻ സർവ്വീസ്, ക്യാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റ് വഴി വിൽക്കുന്ന സാധനങ്ങൾക്കുമാത്രമേ പകുതി നികുതി നിരക്കെന്ന ആനുകൂല്യം ബാധകമാക്കിയിട്ടുള്ളു.ഈ മേഖലയിലും പിർണ്ണ നികുതി ഒഴിവൊന്നും നൽകിയിട്ടില്ല.

എ.ഡി.ബി. യിൽനിന്നും ലഭിച്ച വായ്പ

196(1453) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുസ്ഥിര നഗരവികസന പദ്ധതിക്കുവേണ്ടി എ.ഡി.ബി.യിൽ നിന്നും എത്ര രൂപ വായ്പയായി ലഭിച്ചു ;

(ബി) ഓരോ നഗരസഭയും വായ്പയ്ക്കുവേണ്ടി എത്ര കോടിയുടെ പദ്ധതിയാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) 2009-10 സാമ്പത്തികവർഷം എ.ഡി.ബി. വായ്പയായി എത്ര കോടി രൂപ ലഭിച്ചുവെന്നും, എത്ര കോടി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) 2010-11 സാമ്പത്തികവർഷം എ.ഡി.ബി. വായ്പയായി എത്ര കോടി രൂപ ലഭിച്ചുവെന്നും, 2010 ഡിസംബർ 31 വരെ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സുസ്ഥിര നഗരവികസന പദ്ധതിക്കായി എ.ഡി.ബി.യിൽ നിന്നും മുൻകൂറായി വായ്പ ലഭിക്കില്ല.പ്രസ്തുത പദ്ധതിക്കായി 995 കോടി രൂപയാണ് വായ്പയായി ധാരണയായിട്ടുള്ളത്. ചെലവഴിക്കുന്ന തുകയ്ക്ക് റീ-ഇംബേഴ്സ്മെന്റായാണ് ഈ തുക ലഭിക്കുന്നത്. ഇതുവരെ റീ-ഇംബേഴ്സ്മെന്റായി 184.93 കോടി രൂപ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly